**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3414** **26-06-2024 - ൽ മറുപടിയ്ക്ക്**

**രാജമാണിക്യം റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തോട്ടഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ട രാജമാണിക്യം റിപ്പോർട്ട് ഈ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സ്വാതന്ത്ര്യത്തിന് മുൻപ് വിദേശ കമ്പനികളും പൗരൻമാരും സംസ്ഥാനത്ത് കൈവശം വച്ചിരുന്ന ഭൂമിയിലും സ്വത്തുക്കളിലും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി കെ.എൽ.സി നടപടികളേക്കാൾ ഉചിതം നിയമനിർമ്മാണമാണെന്ന് ചൂണ്ടികാട്ടി സ്പെഷ്യൽ ഓഫീസർ ശ്രീ. എം. ജി. രാജമാണിക്യം ഐ.എ.എസ് 04.06.2016 ൽ GLR(LR)1/2016 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.<br><br>KLC Act പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾക്കെതിരെ HML & Ors ഫയൽ ചെയ്ത WP(C)33122/2014 & Connected കേസുകളിൽ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് 11.4.2018 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ സർക്കാർ ഭൂമിയിലെ അനധികൃത കൈയ്യേറ്റം ഒഴപ്പിച്ച് ഭൂമി ഏറ്റെടുക്കുന്നതിനായി ചുമതലപ്പെടുത്തിയ സ്പെഷ്യൽ ഒഫീസർക്ക് തർക്കഭൂമിയുടെ ഉടമസ്ഥത ഏകപക്ഷീയമായി നിർണ്ണയിക്കുന്നതിനുള്ള"ജൂറിസ്ഡിക്ഷൻ" ഇല്ലായെന്നു നിരീക്ഷിച്ച്, ഉടമസ്ഥത സംബന്ധിച്ച തർക്കമുണ്ടെങ്കിൽ സർക്കാരിന് സിവിൽ കോടതിയിൽ കേസുകൾ ഫയൽ ചെയ്യാവുന്നതാണന്ന് ഉത്തരവായിരുന്നു.<br><br>11.4.2018 ലെ ബഹു.ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ, സംസ്ഥാനത്ത് M/sഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ മറ്റു കമ്പനികളും വ്യക്തികളും കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ സർക്കാരിനുള്ള ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനായി ബന്ധപ്പെട്ട സിവിൽ കോടതികളിൽ കേസുകൾ ഫയൽ ചെയ്യുന്നതിനും "ഉടമസ്ഥാവകാശം സർക്കാർ ഫയൽ ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | സിവിൽ കേസിലെ വിധിക്കു വിധേയമെന്ന" നിബന്ധനയോടെ ഭൂമിയുടെ നികുതി സ്വീകരിക്കുന്നതിനും അനുമതി നൽകുന്നതിനായി 6.6.2019ൽ സ.ഉ (കൈ)172/2019/റവ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിനെ തുടർന്ന് പ്രസ്തുത ഭൂമികളിൽ സർക്കാരിന്റെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) | രാജമാണിക്യം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാലങ്ങളായി ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ കരം സ്വീകരിക്കുവാൻ പാടില്ല എന്ന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | KLC Act പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾക്കെതിരെ HML & Ors ഫയൽ ചെയ്ത WP(C)33122/2014 & Connected കേസുകളിൽ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് 11.4.2018 ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ പുറപ്പെടുവിച്ച 6.6.2019 ലെ ഉത്തരവിൽ കേരള ലാന്റ് ടാക്സ് ആക്ട് പ്രകാരം "ഉടമസ്ഥാവകാശം സർക്കാർ ഫയൽ ചെയ്യുന്ന സിവിൽ കേസിലെ വിധിക്കു വിധേയമെന്ന" നിബന്ധനയോടെ സിവിൽ കേസിൽ ഉൾപ്പെട്ട ഭൂമിയുടെ കരം സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (സി) | രാജമാണിക്യം റിപ്പോർട്ടുമായി ബന്ധപ്പെട്ട് കോടതിയിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുക്കുവാൻ സ്വീകരിച്ച കെ.എൽ.സി നടപടികളിൽ ഉൾപ്പെട്ട ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി വിവിധ സിവിൽ കോടതികളിലായി നിലവിൽ 20 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. |
| (ഡി) | തോട്ടമുടമകളുടെ കൈവശമുള്ള പാട്ടകരാർ അവസാനിച്ച ഭൂമി ഏറ്റെടുക്കുവാൻ എന്തൊക്കെ നിയമനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ഡി) | M/s ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ മറ്റു കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിച്ചുകിട്ടുന്നതിനായി 6.6.2019 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തിരുവനന്തപുരം ജില്ലകളിൽ സ്ഥിതിചെയ്യുന്ന അത്തരം തോട്ടം ഭൂമിക്കെതിരെ 20 സിവിൽകേസുകൾ ജില്ലാ കലക്ടർമാർ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട്. മറ്റു ജില്ലകളിലും സമാനമായ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. സ്വാതന്ത്ര്യത്തിനു മുൻപ് വിദേശ കമ്പനികൾക്കും പൗരൻമാർക്കും നാട്ടുരാജാക്കൾ കർശനമായ നിബന്ധനകളോടെ നാമമാത്രമായ തുകയ്ക്ക് നൽകിയ ഗ്രാന്റുകളിലും ലീസുകളിലും ഉൾപ്പെട്ട ഭൂമിയുടെ റൈറ്റ് മോഡിഫൈചെയ്യുന്നതിനായി 1980ൽ കേരള ഗ്രാന്റ്സ് & ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ആക്ടും 1990 ൽ ചട്ടങ്ങളും നിലവിൽ വന്നിരുന്നുവെങ്കിലും ഭൂരിപക്ഷം കമ്പനികളും കൈവശം വച്ചിരിക്കുന്ന തോട്ടങ്ങളുടെ പാട്ടതുക പ്രസ്തുത |

| | | | |
|---|---|---|---|
| | | | നിയമപ്രകാരം പുനർനിർണ്ണയിച്ചിട്ടില്ലാത്തതിനാൽ സർക്കാരിനു ഭീമമായ വരുമാന നഷ്ടത്തിനു ഇടയാക്കുന്ന സാഹചര്യത്തിൽ അത്തരം സർക്കാർ ഗ്രാന്റ്/ ലീസ് ഇനത്തിൽപ്പെട്ട ഭൂമി നിലവിൽ കൈവശം വച്ചിരിക്കുന്ന കക്ഷികൾക്ക് നിയമപ്രകാരമുള്ള നോട്ടീസുകൾ നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കലക്ടർമാർക്ക് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. |
| (ഇ) | തോട്ടമുടമകളുടെ കൈവശമുള്ള ഭൂമി കൃത്യമായി തിട്ടപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; കൈവശമില്ലാത്ത മിച്ചഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഇങ്ങനെയുള്ള മിച്ചഭൂമി ഏറ്റെടുത്ത് സ്വന്തമായി സ്ഥലമില്ലാത്ത തോട്ടം തൊഴിലാളികൾക്ക് നൽകുവാൻ നിയമനടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (ഇ) | 01.01.1970 ന് ശേഷം കേരളത്തിൽ 1963 ലെ കേരള ഭൂപരിഷ്കരണ നിയമത്തിന്റെ 82-ാം വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന പരിധിയിലധികം ഭൂമി ആർജിക്കാനോ കൈവശം വയ്ക്കാനോ പാടില്ലായെന്ന് 83-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഭൂപരിധി നിർണ്ണയിക്കുമ്പോൾ 81 (1)-ാം വകുപ്പിൽ (a) മുതൽ (u) വരെയുള്ള 21 വിഭാഗങ്ങളിലായി പ്രതിപാദിച്ചിട്ടുള്ള ഭൂമികളെ ഭൂപരിധിയ്ക്കായി ഉൾപ്പെടുത്തുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുണ്ട്. ഇതിൽ 81 (1)-ാം വകുപ്പിൽ (e) വിഭാഗത്തിൽ ഒഴിവാക്കിയിട്ടുള്ള ഭൂമികളാണ് തോട്ടങ്ങൾ. ഉടമകളുടെ കൈവശമുള്ള ഇളവ് ലഭിച്ച തോട്ടഭൂമി സംബന്ധിച്ച കണക്ക് തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്. ഭൂപരി ഷ്കരണ നിയമത്തിലെ വകുപ്പ് 81(1)(e) പ്രകാരം തോട്ടമായി ഇളവ് ലഭിച്ച ഭൂമി തരംമാറ്റം നടത്തിയതിൻമേൽ താലൂക്ക് ലാൻഡ് ബോർഡുകളിൽ 28 മിച്ചഭൂമി കേസുകൾ വിചാരണയിലുള്ളതും മിച്ചഭൂമി നിർണ്ണയിച്ച് കേസ് തീർപ്പാകുന്ന മുറയ്ക്ക് ടി ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കുന്നതുമാണ്. ഏറ്റെടുക്കുന്ന മിച്ചഭൂമി വകുപ്പ് 96-ൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരമാണ് ഭൂരഹിതർക്ക് നൽകുന്നത്. |

സെക്ഷൻ ഓഫീസർ